# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1803 16.06.2014-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## സംസ്ഥാനത്തുനിന്നും കാണാതാകുന്നതും കൊണ്ടുവരുന്നതുമായ കുട്ടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഇ.ചന്ദ്രശേഖരൻ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>ശ്രീ.ഇ.കെ.വിജയൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തുനിന്നും കുട്ടികളെ കാണാതാകുന്നതും സംസ്ഥാനത്തേക്ക് നൂറുകണക്കിന് കുട്ടികളെ കൊണ്ടു വരുന്നത് സംബന്ധിച്ചുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ഇതുവരെ ഇത്തരത്തിലുള്ള എത്ര കേസുകൾ എടുത്തതായി വെളിപ്പെടുത്തുമോ; | (എ) സംസ്ഥാനത്തുനിന്നും കുട്ടികളെ കാണാതാകുന്നതും സംസ്ഥാനത്തേക്ക് നൂറുകണക്കിന് കുട്ടികളെ കൊണ്ടു വരുന്നത് സംബന്ധിച്ചുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ഇതുവരെ സംസ്ഥാനത്തുനിന്നും കുട്ടികളെ കാണാതായത് സംബന്ധിച്ച് 2180 കേസുകൾ എടുത്തിട്ടുണ്ട്. കുട്ടികളെ കൊണ്ടുവന്നതിനെ സംബന്ധിച്ച് 5-6-2014 വരെ 3 കേസുകളും അതിന് ശേഷം 10/6/2014 -ൽ രജിസ്റ്റർ ചെയ്ത 1 കേസും ഉൾപ്പെടെ 4 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തുനിന്നും കാണാതായ കുട്ടികളിൽ എത്രപേരെ ഇതിനകം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്തുനിന്നും കാണാതായ കുട്ടികളിൽ 2398 പേരെ ഇതിനകം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) ഈ കാലയളവിൽ സംസ്ഥാനത്തേക്ക് കൊണ്ടുവന്നിട്ടുള്ള കുട്ടികളെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ: | (സി) ഉണ്ട്. ഇതു സംബന്ധിച്ച് വിവിധ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും കുറ്റക്കാരായവരെ അറസ്റ്റ് ചെയ്ത് നിയമത്തിനു മുമ്പിൽ കൊണ്ടുവന്നിട്ടുള്ളതുമാണ്. കേസുകൾ അന്വേഷണാവസ്ഥയിലാണ്. |

(ഡി) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാം?

(ഡി) അതിക്രമത്തിന് ഇരയായ കുട്ടികളെയും ഇരയാകാൻ സാധ്യതയുള്ള കുട്ടികളെപ്പറ്റിയും ഉള്ള രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ അവിടെ നിന്നും കുട്ടികളെ രക്ഷപ്പെടുത്തി ചൈൽഡ് വെൽഫയർ കമ്മറ്റി മുൻപാകെ ഹാജരാക്കി പുനഃരധിവസിപ്പിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂളുകൾ കേന്ദ്രീകരിച്ച് കുട്ടികൾ അതിക്രമത്തിന് ഇരയാകുന്ന വിവരങ്ങൾ ലഭിക്കുന്നതിനായി SPG Complaint Box സ്ഥാപിച്ചിട്ടുള്ളതാണ്. Child Line Toll Free Number 1098, Women Helpline No.1091 തുടങ്ങിയ ഫോൺ നമ്പരുകൾ വാഹനങ്ങളിലും പൊതുസ്ഥലങ്ങളിലും കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ യഥാസമയത്ത് അറിയിക്കുന്നതിനുവേണ്ടി പ്രചരിപ്പിച്ചുവരുന്നു. 'കിഷോരി ശക്തി യോജന' പദ്ധതി പ്രകാരം സാമൂഹ്യനീതി വകുപ്പുമായി സഹകരിച്ച് കൗമാര പ്രായക്കാരായ കുട്ടികൾക്ക്, ലൈംഗിക ചൂഷണത്തിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള നിയമം (POCSO Act 2012) ബാലനീതി നിയമം(JJ Act 2000), നിയമ പരിരക്ഷ, മൊബൈൽ ഫോൺ ദുരുപയോഗം തുടങ്ങിയവയെക്കുറിച്ച് അംഗനവാടികളും, സ്കൂളുകളും കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നു.

17/9/16

സെക്ഷൻ ഓഫീസർ